No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2019

## എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഗവ. ഫാർമസി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷനുകൾ ജൂൺ 13 മുതൽ

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഗവ. ഫാർമസി കോഴ്സുകളിലേയ്ക്ക് 2019 –20 അധ്യയന വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ 13.06.2019 (വ്യാഴാഴ്ച) ആരംഭിക്കുന്നു. ഈ ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഗവ. ഫാർമസി കോഴ്സുകളിലേയ്ക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

2019–ലെ കേരളാ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഗവ. ഫാർമസി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് 2019 ജൂൺ 13–ാം തീയതി രാവിലെ 11 മണി മുതൽ ജൂൺ 19–ാം തീയതി രാവിലെ 10 മണി വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺ ലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഗവ. ഫാർമസി കോഴ്സുകളിലേയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളിൽ ചിലരുടെ അപേക്ഷകളിലെ അപാകതകൾ മൂലം ഫലം തടഞ്ഞുവെച്ചിട്ടുണ്ടെങ്കിലും അവർക്കും ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് മാത്രമെ അലോട്ട്മെന്റിന് പരിഗണിക്കുകയുള്ളൂ.

വിശദമായ വിവരങ്ങൾക്ക് വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
12.06.2019